**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **24-08-2022 - ൽ മറുപടിയ്ക്ക്**

**സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒളവണ്ണയിലെ സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സിഡ്കോയുടെ ഉടമസ്ഥതയിൽ കോഴിക്കോട് ജില്ലയിൽ ഒളവണ്ണ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ടൂൾ റൂം-കം-ട്രെയിനിങ് സെന്ററിന്റെ പുനരുദ്ധാരണത്തിന് 670.10 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് 01/08/2022-ലെ സ.ഉ(സാധാ) 796/2022/വ്യവ പ്രകാരം തനത് സാമ്പത്തികവർഷം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഉപയോഗപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ആധുനിക എഞ്ചിനിയറിങ് മെഷീനറീസ് വാങ്ങി സ്ഥാപിക്കുക, അസംസ്കൃത വസ്തുക്കളും മറ്റ് ഉപകരണങ്ങളും സംഭരിക്കുക, സിവിൽ വർക്കുകളും മറ്റ് അത്യാവശ്യ കാര്യങ്ങളും നിർവഹിക്കുക എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത തുക ഉപയോഗപ്പെടുത്തി നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ